**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 445** **05-07-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 2022-23 സാമ്പത്തിക വർഷം മുതൽ അസാപ് മുഖേന തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി നൽകി വരുന്നു. വിശദാംശം അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിദ്യാർഥികൾക്ക് യു.ജി.സി., സി.എസ്.ഐ.ആർ, നെറ്റ് കോച്ചിംഗ് എന്നിവയ്ക്കായി തുക അനുവദിച്ചിട്ടുണ്ടോ; | (ബി) | **ഉണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ സി.എ / സി.എം.എ / സി.എസ് സ്കോളർഷിപ്പ് പദ്ധതിയുടെ കീഴിൽ 2021-22 സാമ്പത്തിക വർഷം മുതൽ യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് പരിശീലന പദ്ധതിയ്ക്കായി തുക അനുവദിച്ചു വരുന്നു.** വിശദാംശം അനുബന്ധം-2ആയി ചേർക്കുന്നു. |
| (സി) | എങ്കിൽ എത്രത്തോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | **ഉണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ സി.എ / സി.എം.എ / സി.എസ് സ്കോളർഷിപ്പ് പദ്ധതിയുടെ കീഴിൽ 2021-22 സാമ്പത്തിക വർഷം മുതൽ യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് പരിശീലന പദ്ധതിയ്ക്കായി തുക അനുവദിച്ചു വരുന്നു.** വിശദാംശം അനുബന്ധം-2ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ ITI, ITC സ്കോളർഷിപ്പ് പദ്ധതിയുടെ കീഴിൽ 2022-23 വർഷം ആകെ 402 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 394.566 ലക്ഷം രൂപ ITI ഫീസ് റീ-ഇമ്പേഴ്സ്മെന്റിനായും 7.434 ലക്ഷം രൂപ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസി മുഖാന്തിരം നൈപുണ്യ പരിശീലനം നൽകുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ ASAP മുഖാന്തിരം ITI, ഫിറ്റർ, വെൽഡർ, ഷീറ്റ് മെറ്റൽ ട്രേഡ് പാസ്സായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മറൈൻ സ്ട്രക്ച്ചറൽ ഫിറ്റർ കോഴ്സ് ഫീസ് തുക പൂർണ്ണമായും വകുപ്പ് വഹിച്ചു കൊണ്ട് സൗജന്യ പരിശീലനം നൽകുകയും തിരുവനന്തപുരം, എറണാകുളം എന്നീ അസാപ് സെന്ററുകളിൽ പഠിച്ച ആകെ 25 വിദ്യാർത്ഥികൾക്ക് (2023-24 സാമ്പത്തിക വർഷം കളമശ്ശേരിയിൽ ട്രെയിനിംഗ് പൂർത്തീകരിച്ച 10 വിദ്യാർത്ഥികൾക്കും, 2024-25 സാമ്പത്തിക വർഷം തിരുവനന്തപുരം ട്രെയിനിംഗ് പൂർത്തീകരിച്ച 15 വിദ്യാർത്ഥികൾക്കും) പ്ലേസ്മെന്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 2022-23 ലെ സ്കീം പ്രകാരം പ്രസ്തുത കോഴ്സിന് കണ്ണൂർ അസാപ് സെന്ററിലേക്കുള്ള വിദ്യാർത്ഥികളുടെ സെലക്ഷൻ പ്രോസസ്സ് നടന്നു വരികയാണ്.

2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത നൈപുണ്യ വികസന പദ്ധതിക്കായി ആകെ 42 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. അസാപുമായി സഹകരിച്ചു കൊണ്ട് 5 ജില്ലകളിലായി 5 നൈപുണ്യ വികസന കോഴ്സുകളും കൊല്ലം, കോഴിക്കോട് ജില്ലകളിലായി Basic Proficiency in English കോഴ്സും നടത്തുന്നതിനായി അസാപും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറും തമ്മിൽ (27.64 ലക്ഷം രൂപ കോഴ്സ് ഫീസ് വഹിക്കുന്നതിനായി) ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതാണ്. ചുവടെ പറയുന്ന കോഴ്സുകൾക്കാണ് നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്.

| ക്രമ നം | കോഴ്സിന്റെ പേര് (2023-24 സാമ്പത്തിക വർഷം) | ഓരോ ബാച്ചിലും അനുവദനീയമായ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | Certificate Program in EV Power train Architecture and Energy Storage System | 15 |
| 2 | Unity Certified Associate : Game Developer | 20 |
| 3 | Executive Program in Small Category Drone Pilot Training | 10 |
| 4 | Certificate Program in Advanced Biomedical Equipment Hands- on Training | 15 |
| 5 | Marine Structure Fitter and Fabricator | 10 |
| 6 | Basic proficiency in English | 70 |

| | | |
|---|---|---|
| | | |
| | | (35 x 2) |
| | ആകെ | 140 |

2024 ജൂൺ 27-ാം തീയതി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. താമസംവിനാ 5 ജില്ലകളിലും കോഴ്സ് ആരംഭിക്കുന്നതാണ്. പരിശീലനം കഴിഞ്ഞെത്തുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്ത്യക്കകത്തും പുറത്തും ഏറെ തൊഴിൽ സാദ്ധ്യതയുള്ള മേഖലകളിൽ അസാപ്പിന്റെ പ്ലേസ്മെന്റ് അസിസ്റ്റൻസ് സംവിധാനം മുഖാന്തിരം തൊഴിൽ ലഭ്യമാക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. നടപ്പു സാമ്പത്തിക വർഷം നൈപുണ്യ വികസന പദ്ധതിക്കായി ആകെ 1.80 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം -2**

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റി കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് രണ്ടാം വർഷം പഠിക്കുന്നവരും, നിലവിൽ പഠനം പൂർത്തിയായവരുമായ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ മുഖേനയാണ് **UGC/CSIR - NET പരീക്ഷാ പരിശീലനം** നൽകി വരുന്നത്. സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികൾ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ഈ പദ്ധതിയിൻ കീഴിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. 50-ൽ കുറയാതെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുള്ള ഒരു ബാച്ചിന് 12 ദിവസങ്ങളിലായി 72 മണിക്കൂർ പരിശീലനമാണ് നൽകുന്നത്. ബിരുദാനന്തര ബിരുദത്തിന് ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും, ബിരുദാനന്തര ബിരുദം 55% മാർക്കോടെ പാസ്സാകുന്നവരേയും ഈ പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നതാണ്. BPL വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ മുൻഗണന നൽകുന്നു. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗക്കാരെയും പരിഗണിക്കും. 2021-22 സാമ്പത്തിക വർഷം മുതൽ യു.ജി.സി/സി.എസ്.ഐ.ആർ- നെറ്റ് കോച്ചിംഗ് പദ്ധതിയ്ക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കോളർഷിപ്പിന്റെ പേര് | 2021-22 | | | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|---|---|---|
| | | അനുവദിച്ച തുക | ചെലവഴിച്ചത് | തെരഞ്ഞെടുത്തവരുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ചത് | തെരഞ്ഞെടുത്തവരുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ചത് | തെരഞ്ഞെടുത്തവരുടെ എണ്ണം |
| | | രൂപ ലക്ഷത്തിൽ | | | | | | | | |
| 1 | യു .ജി.സി/ സി. എസ് .ഐ.ആർ-നെറ്റ് പരിശീലനം | 11.712 | 5.29 | 547 ( 7 batch) | 15.90 | 14.91 | 1000 (19 batches) | 20.30 | 16.57 | 1500 (23 batches) |

**സെക്ഷൻ ഓഫീസർ**